# കേരള നിയമസഭ
# 14.06.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂൺ 14, വെള്ളി
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 316)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | 1293 മുതൽ 1384 വരെ |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | 1385 മുതൽ 1426 വരെ |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | 1427 മുതൽ 1521 വരെ |
| പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | 1522 മുതൽ 1608 വരെ |

## ഇന്ദിര ആവാസ് യോജന പ്രകാരം പൂർത്തിയാക്കിയ വീടുകൾ

1293 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ദിര ആവാസ് യോജന അട്ടിമറിക്കപ്പെടുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ നിജസ്ഥിതി വെളിപ്പെടുത്തുമോ;

(ബി) നടപ്പുസാമ്പത്തികവർഷത്തിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര വീടുകളാണ് പൂർത്തിയാക്കേണ്ടിയിരുന്നത്; അതിൽ എത്ര വീടുകൾ പൂർത്തിയാക്കി;

(സി) വീട് നിർമ്മാണത്തിനുള്ള ഫണ്ട് സംബന്ധിച്ചും വീടുകൾ പൂർത്തിയാക്കാൻ കഴിയാത്തത് സംബന്ധിച്ചും വിശദമാക്കാമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>വീട് നിർമ്മാണത്തിന് ധനസഹായം</u>

1294 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 ൽ ഇന്ദിരാ ആവാസ് യോജന പ്രകാരം എത്ര വീടുകൾ നിർമ്മിക്കാൻ ധനസഹായം നൽകാനാണ് സർക്കാർ ലക്ഷ്യമിട്ടിരുന്നത്; ഇതിലേയ്ക്കായി എത്ര തുക നീക്കിവച്ചിരുന്നു;

(ബി) പ്രസ്തുത തുകയിൽ എത്ര തുക പദ്ധതി നിർവ്വഹണ ഏജൻസിക്ക് കൈമാറി;

(സി) 2012-13 ൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് വാസയോഗ്യമാക്കി എന്നറിയിക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

ഇന്ദിരാ ആവാസ് യോജനയുടെ നടത്തിപ്പിൽ
വരുത്തിയിട്ടുള്ള മാറ്റങ്ങൾ

1295 ശ്രീ. എ.എം. ആരിഫ്
,, ബി.ഡി. ദേവസ്സി
ശ്രീമതി കെ.എസ്. സലീഖ
ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും**
**നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇന്ദിരാ ആവാസ് യോജന പദ്ധതിയുടെ നടത്തിപ്പിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത മാറ്റങ്ങൾക്ക് അനുസൃതമായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട അധിക തുക ലഭ്യമാക്കിയോ; വിശദാംശങ്ങൾ നൽകാമോ;

(സി) 2011-12, 2012-13 എന്നീ വർഷങ്ങളിൽ പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം 2011-12, 2012-13 എന്നീ വർഷങ്ങളിൽ നിർമ്മിച്ച വീടുകളുടെ എണ്ണം സംബന്ധിച്ച വിവരം നൽകുമോ?

## കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

ഇന്ദിരാ ആവാസ് യോജന

1296 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

'ഇന്ദിരാ ആവാസ് യോജന' പ്രകാരം 2012-13 സാമ്പത്തിക വർഷത്തിൽ എത്ര വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; ഇതിനുവേണ്ടി എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

ഇന്ദിര ആവാസ് യോജന ആനുകൂല്യങ്ങൾ

1297 ശ്രീ.കെ. ശിവദാസൻ നായർ
'' എം. എ. വാഹിദ്
'' ജോസഫ് വാഴക്കൻ
'' തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ദിര ആവാസ് യോജനയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം പൊതു വിഭാഗത്തിലും, പട്ടികജാതി വിഭാഗത്തിലും, പട്ടിക വർഗ്ഗ വിഭാഗത്തിലും ഉളള ഗുണഭോക്താക്കൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഭവന നിർമ്മാണത്തിന് നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത വിഭാഗങ്ങൾക്ക് നൽകിവരുന്ന ആനുകൂല്യം വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കഴിഞ്ഞ സർക്കാർ നൽകി വന്നിരുന്ന ആനുകൂല്യങ്ങളേക്കാൾ എത്ര തുകയാണ് വർദ്ധിപ്പിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

<u>ദേശീയ തൊഴിലുറപ്പ് തൊഴിലാളികളുടെ പ്രതിദിന വേതനം വര്‍ദ്ധിപ്പിക്കുന്നതിന് നടപടി</u>

1298 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ദേശീയ തൊഴിലുറപ്പ് തൊഴിലാളികളുടെ പ്രതിദിന വേതനം 320 രൂപയായി വര്‍ദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) തൊഴില്‍ ദിനങ്ങള്‍ വര്‍ഷത്തില്‍ ഇരുന്നൂറായും ജോലി സമയം രാവിലെ 9 മണിമുതല്‍ വൈകുന്നേരം 4 മണിവരെയായും നിജപ്പെടുത്താന്‍ നടപടി സ്വീകരിക്കുമോ;

(സി) നെല്‍കൃഷിയടക്കമുള്ള കാര്‍ഷികമേഖല ജോലികളും ക്ഷീരകര്‍ഷകരെയും തൊഴിലുറപ്പ് പദ്ധതിയില്‍ ഉള്‍പ്പെടുത്താന്‍ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ്</u>

1299 ശ്രീ. വർക്കല കഹാർ
,, വി. പി. സജീന്ദ്രൻ
,, സി. പി. മുഹമ്മദ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ ഈ സർക്കാരിന്റെ കാലത്ത് പുരോഗതി ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ അവസാന സാമ്പത്തിക വർഷം എത്ര കോടി രൂപ പ്രസ്തുത പദ്ധതി പ്രകാരം ചെലവഴിച്ചു; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കോടി രൂപ പ്രസ്തുത പദ്ധതി പ്രകാരം ചെലവഴിച്ചുവെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത മുന്നേറ്റങ്ങൾ കൈവരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 14.06.2013-ലെ മറുപടിക്ക്

<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ സമരം</u>

1300 ശ്രീ. ഇ. പി. ജയരാജൻ
,, പി. കെ. ഗുരുദാസൻ
,, കെ. ദാസൻ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ സമരരംഗത്തുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അവരുടെ ആവശ്യങ്ങൾ എന്തൊക്കെയാണ് ;

(സി) പ്രസ്തുത ആവശ്യങ്ങളിന്മേൽ അനുകൂലമായ നിലപാട് സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) 2011-2012, 2012-2013 വർഷങ്ങളിൽ പദ്ധതി നടത്തിപ്പിനായി ആകെ ലഭിച്ച തുകയും അതിൽ ചെലവഴിച്ച തുക എത്രയാണെന്നും അനുവദിച്ച തുകയുടെ എത്ര ശതമാനം ചെലവഴിക്കാൻ സാധിച്ചുവെന്നും അറിയിക്കാമോ ?

**കേരള നിയമസഭ**
**14.06.2013-ലെ മറുപടിക്ക്**

<u>തൊഴിലുറപ്പ് പദ്ധതിക്കായി അനുവദിച്ചതും ചെലവഴിച്ചതുമായ തുക</u>

1301 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013ൽ തൊഴിലുറപ്പ് പദ്ധതിക്കായി കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ചതും, ചെലവഴിച്ചതും, ലാപ്സാക്കിയതുമായ തുകയുടെ വിവരം ലഭ്യമാക്കുമോ; കേന്ദ്രം അനുവദിച്ച തുക ചെലവഴിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) 2013-14 ൽ കേന്ദ്ര സർക്കാർ അനുവദിച്ചതും ചെലവഴിച്ചതുമായ തുക എത്ര;

(സി) പ്രസ്തുത പദ്ധതി പ്രകാരം ജോലി ചെയ്യുന്നവർക്ക് 2013 മെയ് 31 വരെ കുടിശ്ശികയിനത്തിൽ എന്ത് തുക നൽകാനുണ്ട്; ഇപ്രകാരം കുടിശ്ശിക വരാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) 2012-13 ൽ തൊഴിലുറപ്പ് പദ്ധതി മുഖേന ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ഓരോരുത്തർക്കും ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) 2013-14 ൽ ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ഓരോരുത്തർക്കും നൽകാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ?

## കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും കാർഷിക ജോലി ഒഴിവാക്കിയ നടപടി

1302 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും കാർഷിക ജോലി ഒഴിവാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം കാർഷിക ജോലികൾ ഒഴിവാക്കാനാണ് കേന്ദ്രം നിർദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇവ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിയിലൂടെയുണ്ടായ സാമ്പത്തിക - ഭൗതിക നേട്ടങ്ങൾ</u>

1303 ശ്രീ. പാലോട് രവി
,, ആർ. സെൽവരാജ്
,, എം. പി. വിൻസെന്റ്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിലൂടെ ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം സാമ്പത്തിക-ഭൗതിക നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ട്;

(ബി) എത്ര കോടി രൂപ പ്രസ്തുത കാലയളവിൽ ചെലവഴിച്ചു ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) തൊഴിൽ ലഭ്യമായ കുടുംബങ്ങൾ, സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത നേട്ടങ്ങൾ കൈവരിക്കാൻ എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

**തൊഴിലുറപ്പ് പദ്ധതിക്കായി കേന്ദ്ര ഫണ്ടിൽ നിന്നും അനുവദിക്കുന്ന തുക**

1304

ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിക്കായി കേന്ദ്ര ഫണ്ടിൽ നിന്നും എത്ര തുക ലഭിച്ചു എന്നും അതിൽ ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം മേഖലകളിലാണ് പുതുതായി പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ വേതന വർദ്ധനവ് എന്നുമുതൽ പ്രാബല്യത്തിൽ വരുത്തും എന്നും ഇതിനായി കേന്ദ്ര ഫണ്ടിൽ കൂടുതൽ തുക അനുവദിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>ക്ഷീരകര്‍ഷകരെ തൊഴിലുറപ്പ് പദ്ധതിയില്‍ ഉള്‍പ്പെടുത്താന്‍ നടപടി</u>

1305 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ക്ഷീരകര്‍ഷകരെ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെടുത്താന്‍ നടപടി സ്വീകരിക്കുമോ;

(ബി) ക്ഷീരകര്‍ഷകരെ തൊഴിലുറപ്പു പദ്ധതിയില്‍ ഉള്‍പ്പെടുത്തുന്നതിന് എന്തെങ്കിലും സങ്കേതിക തടസ്സം നിലനില്‍ക്കുന്നുണ്ടോ; ഉണ്ടെങ്കില്‍ വിശദാംശം നല്‍കുമോ;

(സി) ക്ഷീരകര്‍ഷകരെ തൊഴിലുറപ്പു പദ്ധതിയില്‍ ഉള്‍പ്പെടുത്തുന്നതിനായി എന്തെങ്കിലും നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ വിശദാംശം നല്‍കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് വേതന കുടിശ്ശിക</u>

1306 ശ്രീ.എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽചെയ്തവർക്ക് 2013 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ വേതനം കുടിശ്ശികയായിട്ടുളള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വേതന കുടിശ്ശികയ്ക്ക് പലിശ നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) 2012-13 വർഷത്തിൽ തൊഴിലുറപ്പു പദ്ധതി പ്രകാരം എത്ര തൊഴിലാളികൾക്കാണ് തൊഴിൽ കൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ഉണ്ടായിട്ടുണ്ട്;

(ഡി) പാലക്കാട് ജില്ലയിൽ എത്ര തൊഴിലാളികൾക്കാണ് തൊഴിൽ കൊടുത്തിട്ടുളളത്; ശരാശരി തൊഴിൽ ദിനങ്ങൾ എത്രയെന്നു വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

1307 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ തൊഴിലുറപ്പു പദ്ധതിക്കായി ബ്ലോക്ക് പ്രോഗ്രാം ഓഫീസർ തസ്തിക സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇടപെടൽ സംവിധാനം, സഹായ സംവിധാനം എന്നിവയും ബോധവത്ക്കരണ നടപടികളും നടപ്പിലാക്കത്തക്കവിധമുള്ള റിസോഴ്സ് ഗ്രൂപ്പിനെ തൊഴിലുറപ്പ് പദ്ധതിക്കായി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ കേന്ദ്ര ആസ്ഥാനമായി ഭാരത് നിർമ്മാൺ രാജീവ് ഗാന്ധി സേവാ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള പ്രധാന തടസ്സം എന്താണ്?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിയും കാർഷിക നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങളും</u>

1308 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും കാർഷിക മേഖലയെയും നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങളെയും ഒഴിവാക്കിയതിലൂടെ തൊഴിലുറപ്പ് മേഖലയിൽ തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാർഷിക മേഖലയ്ക്ക് എതിരായ തീരുമാനം മാറ്റാനാവശ്യമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

<u>തൊഴിലുറപ്പു പദ്ധതിയിൽ രജിസ്റ്റർ ചെയ്തവർ</u>

1309 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഓരോ ജില്ലയിലും രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ സ്ത്രീകൾ എത്രയെന്നും പുരുഷന്മാർ എത്രയെന്നും വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം ഓരോ ജില്ലയിലും എത്ര തൊഴിൽദിനങ്ങൾ ലഭ്യമാക്കിയെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം തൊഴിലുകളാണ് ഇപ്പോൾ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ഇ) ക്ഷീരകർഷകർ, വീട്ടുവളപ്പിൽ കോഴി വളർത്തൽ നടത്തുന്നവർ, തേനീച്ച കർഷകർ എന്നിവരെ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ എന്തു നടപടിയാണു കൈക്കൊണ്ടിട്ടുള്ളതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

ദേശീയ തൊഴിലുറപ്പ് പദ്ധതി

1310 ശ്രീമതി കെ. എസ് സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ആകെയുള്ള അംഗങ്ങളുടെ എണ്ണം എത്ര; സ്ത്രീകൾ എത്ര; പുരുഷൻമാർ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇപ്പോഴത്തെ സർക്കാർ അധികാരമേറ്റതിനു ശേഷം തൊഴിലുറപ്പു പദ്ധതിയിൽ ജോലി ചെയ്യുന്നതിനിടെ മരണപ്പെട്ടവർ എത്ര; ഇപ്രകാരം മരണപ്പെട്ടവരുടെ കുടുംബത്തിന് എന്തൊക്കെ ധനസഹായം നൽകി; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലെ അംഗങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതിയിലെ അംഗങ്ങൾക്ക് പെൻഷൻ നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ;

(ഇ) ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഏതെല്ലാം തരത്തിലുള്ള ജോലികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(എഫ്) ഏതെല്ലാം മേഖലകളെകൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്; നിലവിൽ ഉണ്ടായിരുന്നവയിൽ ഏതെങ്കിലും മേഖല ഒഴിവാക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ജി) തൊഴിലുറപ്പ് പദ്ധതി പ്രകാരം ജോലി ചെയ്യുന്നതിന് സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് നിർമ്മാണ പദ്ധതി

1311 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ മലപ്പുറം ജില്ലയിൽ നിന്നും ഉൾപ്പെടുത്തിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) അനുവദിക്കപ്പെട്ടിട്ടുള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ പരിഗണിക്കുന്ന പ്രവർത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പ് സംബന്ധിച്ച മാനദണ്ഡങ്ങളിൽ കേന്ദ്രത്തോട് ഇളവ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ കേന്ദ്രത്തിന്റെ നിലപാട് എന്താണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

പി. എം. ജി. എസ്. വൈ. ഫേസ് VIII -ൽ ഏറ്റെടുത്തിരിക്കുന്ന പ്രവൃത്തികൾ

1312 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിൽ പി. എം. ജി. എസ്.വൈ പ്രകാരം ഫേസ് VIII-ൽ ഏതൊക്കെ റോഡുകളാണ് പ്രവൃത്തി നടത്താൻ ഏറ്റെടുത്തിരിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ എത്ര പ്രവൃത്തികൾ ഏറ്റെടുക്കുന്നുണ്ട് എന്ന് വിശദമാക്കാമോ; ഇവയുടെ നിയോജകമണ്ഡലം തലത്തിലുള്ള കണക്ക് ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

പി. എം. ജി. എസ്. വൈ. പ്രകാരമുള്ള റോഡ് പ്രവൃത്തികളിൽ റദ്ദ് ചെയ്തവ

1313 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിൽ മുടങ്ങിക്കിടന്ന പി. എം. ജി. എസ്. വൈ. പ്രകാരമുള്ള റോഡ് പ്രവൃത്തികളിൽ റദ്ദ് ചെയ്യപ്പെട്ടവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ബ്ലോക്കുകളിൽ പി. എം. ജി. എസ്. വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി പുതുതായി അനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

<u>ഗ്രാമവികസന വകുപ്പ് സഡക് പദ്ധതികളിലേക്ക് റോഡുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

1314 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പ് സഡക് പദ്ധതികളിലേക്ക് റോഡുകൾ തെരഞ്ഞെടുക്കുമ്പോൾ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾ കൂടുതൽ അധിവസിക്കുന്ന മേഖലയ്ക്ക് മുൻഗണന നൽകാറുണ്ടോ;

(ബി) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ നിന്നും 2012–13 ലും 2013–14 ലും ഗ്രാമവികസന വകുപ്പ് ഏതെല്ലാം റോഡുകൾ നവീകരണ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ടെന്നും ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

<u>പി. എം. ജി. എസ്. വൈ. റോഡുകള്‍</u>

1315 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പി. എം. ജി. എസ്. വൈ. റോഡുകളുടെ നിര്‍മ്മാണത്തിന് കരാര്‍ എടുക്കുന്നവര്‍ കരാര്‍ പ്രകാരം പണി പൂര്‍ത്തീകരിച്ചിട്ടില്ലെങ്കില്‍ അവര്‍ക്കെതിരെ നിയമപരമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാന്‍ കഴിയുക എന്ന് വ്യക്തമാക്കുമോ;

(ബി) നിയമനടപടികള്‍ സ്വീകരിക്കുന്നതിനുളള പ്രാരംഭനടപടികള്‍ ഏത് ഉദ്യോഗസ്ഥനാണ് സ്വീകരിക്കേണ്ടത് എന്ന് വ്യക്തമാക്കുമോ;

(സി) കോഴിക്കോട് തൂണേരി ബ്ലോക്കിലെ നിട്ടൂര്‍ മലയാടപ്പൊയില്‍ റോഡ് നിര്‍മ്മാണത്തില്‍ കരാര്‍ ലംഘനം നടന്നതായി കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതി</u>

1316 ഡോ. കെ.ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതിപ്രകാരം 2012-13-ൽ എത്ര കോടി രൂപയുടെ പദ്ധതികൾ ലഭിച്ചു;

(ബി) ഇതിൽ എത്ര പദ്ധതികൾ തൻവർഷം നടപ്പാക്കാൻ കഴിഞ്ഞുവെന്നും ആയതിന് എത്ര രൂപ ചെലവഴിക്കപ്പെട്ടുവെന്നും അറിയിക്കാമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>പി. എം. ജി. എസ്. വൈ. പദ്ധതിപ്രകാരം നിര്‍മ്മിക്കുന്ന പൊന്‍കണ്ടം - കടപ്പാറ- റോഡ്</u>

1317 ശ്രീ. എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആലത്തൂര്‍ നിയോജകമണ്ഡലത്തില്‍ പി. എം. ജി. എസ്. വൈ. പദ്ധതി പ്രകാരം നിര്‍മ്മാണത്തിലിരിക്കുന്ന പൊന്‍കണ്ടം-കടപ്പാറ റോഡിന്റെ നിര്‍മ്മാണപ്രവര്‍ത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) റോഡിന്റെ നിര്‍മ്മാണം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) റോഡിന്റെ പണി എന്നത്തേക്ക് പൂര്‍ത്തീകരിക്കുവാന്‍ സാധിക്കുമെന്നു വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

പി. എം. ജി. എസ്.വൈ പദ്ധതികൾക്കുള്ള കേന്ദ്രസഹായം

1318 ശ്രീ. സണ്ണി ജോസഫ്
,, പി. സി. വിഷ്ണുനാഥ്
,, ബെന്നി ബെഹനാൻ
,, പി. എ.മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ അവസാന സാമ്പത്തിക വർഷം പി. എം. ജി. എസ്. വൈ. അനുസരിച്ചുള്ള കേന്ദ്ര സഹായം തേടുന്നതിലും ചെലവഴിക്കുന്നതിലും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ കേരളം പിന്നിലായിരുന്നുവോ; വിശദമാക്കുമോ;

(ബി) ഇതിനുള്ള കാരണം വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത സ്ഥിതി എത്രമാത്രം മെച്ചപ്പെട്ടിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>മിൽമ ഡയറക്ടർ ബോർഡംഗത്തിനെതിരെയുള്ള പരാതി</u>

1319

ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിൽമ ഡയറക്ടർ ബോർഡിലെ ഒരു അംഗത്തിനെതിരെ സ്ത്രീപീഡനം ആരോപിച്ച് വനിതാ കമ്മിഷൻ മുമ്പാകെ പരാതിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരാതി നൽകിയതിന്റെ പേരിൽ പരാതിക്കാരിയോട് മിൽമ കാരണം കാണിക്കാൻ ആവശ്യപ്പെട്ടിരുന്നോ;

(സി) പരാതിക്കാരിയെ തൽസ്ഥാനത്തു നിന്നും സ്ഥലം മാറ്റിക്കൊണ്ട് നടപടി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോ; ഈ പ്രശ്നത്തിൽ എന്തെങ്കിലും കോടതി നിർദ്ദേശം ലഭിക്കുകയുണ്ടായോ; എങ്കിൽ എന്തായിരുന്നു;

(ഡി) പ്രസ്തുത കേസിൽ സ്വീകരിക്കപ്പെട്ട നടപടികൾ എന്താണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>മിൽമ ചെയർമാന്റെ ഔദ്യോഗിക യാത്ര</u>

1320 ശ്രീ.കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിൽമ ചെയർമാൻ 2013 ഏപ്രിൽ മാസത്തിൽ നടത്തിയ ഔദ്യോഗിക യാത്രയുടെയും വാങ്ങിയ ടി. എ., ഡി. എ. കളുടെയും വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ചെയർമാൻ ഔദ്യോഗിക വാഹനത്തിൽ കാസർഗോഡ് സന്ദർശനം നടത്തിയതായ പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതേക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ;

(സി) അന്നേ ദിവസം മിൽമയുമായി ബന്ധപ്പെട്ട് ഔദ്യോഗിക കൃത്യനിർവ്വഹണം വല്ലതും ഉണ്ടായിരുന്നുവോ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

<u>പാലുൽപാദനം വർദ്ധിപ്പിക്കുന്നതിനും ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ</u>

T1321 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലുൽപാദനം വർധിപ്പിക്കുന്നതിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ക്ഷീരകർഷകർക്ക് പ്രോത്സാഹനം ലഭ്യമാക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>ക്ഷീര വികസന പദ്ധതികൾ</u>

1322

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ക്ഷീരകർഷകർക്കും ക്ഷീരസംഘങ്ങൾക്കും എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

ഡെയറി ഫ്രണ്ട്‌ലി പഞ്ചായത്തുകൾ

1323 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡെയറി ഫ്രണ്ട്‌ലി പഞ്ചായത്തുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് ഡെയറി ഫ്രൺലി പഞ്ചായത്തുകൾ ആരംഭിച്ചതെന്നതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) നടപ്പ് സാമ്പത്തിക വർഷം എത്ര പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; അവ എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>വാർഷിക പദ്ധതി</u>

1324 ശ്രീ.ഐ. സി. ബാലകൃഷ്ണൻ
'' ബെന്നി ബെഹനാൻ
'' ജോസഫ് വാഴക്കൻ
'' തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ആസൂത്രണ കമ്മീഷൻ മുമ്പാകെ നടപ്പു സാമ്പത്തിക വർഷം എത്ര കോടി രൂപയ്ക്കുള്ള വാർഷിക പദ്ധതിയാണ് സമർപ്പിച്ചതെന്നും എത്ര തുകക്കുള്ള പദ്ധതിയാണ് അനുവദിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം മേഖലകൾക്കാണ് പ്രസ്തുത വാർഷിക പദ്ധതിയിൽ ഊന്നൽ നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) കഴിഞ്ഞ വാർഷിക പദ്ധതിയേക്കാൾ എത്ര ശതമാനം വർദ്ധനവാണ് ഇത്തവണ വരുത്തിയത്?

## കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ്</u>

1325

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിൽ കഴിഞ്ഞ രണ്ടു വർഷമുണ്ടായ പുരോഗതി വിശദമാക്കുമോ;

(ബി) ഓരോ പദ്ധതിയിലും എത്ര രൂപയുടെ അനുമതി ആയെന്നും, അവയിൽ എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>വാർഷിക പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ നടപടി</u>

1326 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി പ്രകാരം വിവിധ വകുപ്പുകൾക്ക് ചെലവഴിക്കാൻ അനുവദിച്ച തുക എത്ര; ചിലവഴിച്ച തുക എത്ര; അനുവദിച്ച തുകയുടെ എത്ര ശതമാനം ഓരോ വകുപ്പും ചെലവഴിച്ചു; എത്ര തുക ഓരോ വകുപ്പും ലാപ്സാക്കി; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ചെലവഴിക്കേണ്ട തുകയുടെ ഭൂരിഭാഗവും മാർച്ചിൽ എങ്ങനെയും ചെലവിട്ടു തീർക്കുന്ന രീതിയ്ക്ക് മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുവോ;

(സി) എങ്കിൽ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നത് ഉറപ്പാക്കാൻ നടപ്പുവർഷം എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

കേന്ദ്ര ബജറ്റിൽ പരിഗണിക്കാൻ സംസ്ഥാന സർക്കാർ നിർദ്ദേശിച്ച പദ്ധതികൾ

T-1327 ശ്രീ.വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുബജറ്റിൽ പരിഗണിക്കാനായി 2012–13 വർഷത്തിലേക്ക് സംസ്ഥാന സർക്കാർ എന്തെല്ലാം പദ്ധതികൾ നിർദ്ദേശിച്ചിരുന്നുവെന്നും അതിൽ ഏതെല്ലാം പദ്ധതികൾ ഉൾപ്പെടുത്തിയെന്നും വ്യക്തമാക്കാമോ;

(ബി) ബഡ്ജറ്റിൽ ഉൾപ്പെടുത്തപ്പെട്ടവയ്ക്കായി ആകെ എത്ര തുക വകകൊള്ളിച്ചുവെന്നും പ്രസ്തുത സാമ്പത്തിക വർഷത്തിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) ഉൾപ്പെടുത്തിയ പദ്ധതിയിൽ ഏതെല്ലാം പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കിയില്ലായെന്ന് വിവരിക്കുമോ;

(ഡി) 2013–14ലെ കേന്ദ്രപൊതുബജറ്റിൽ ഉൾപ്പെടുത്താൻ കേരളം നിർദ്ദേശിച്ചതനുസരിച്ച് ഉൾപ്പെടുത്തിയ പദ്ധതികൾ എതെല്ലാം എന്നും ഓരോന്നിനും വകകൊള്ളിച്ച തുകയെത്രയെന്നും വിശദീകരിക്കാമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>മട്ടന്നൂർ നിയോജക മണ്ഡലത്തെ ഹാഡ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന നടപടി</u>

1328 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയോര വകസന ഏജൻസിയിൽ മട്ടന്നൂർ നിയോജക മണ്ഡലത്തെ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാമെന്ന് നൽകിയ ഉറപ്പ് പ്രകാരം പ്രസ്തുത മണ്ഡലത്തെ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ കോളയാട്, ചിറ്റാരിപ്പറമ്പ്, മാലൂർ, മാങ്ങാട്ടിടം, പടിയൂർകല്യാട്, തില്ലങ്കേരി, കൂടാളി, കീഴല്ലൂർ എന്നീ ഗ്രാമ പഞ്ചായത്തുകളെ ഹാഡ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

<u>മലയോര വികസന ഏജൻസി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>

1329 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയോര വികസന എജൻസി മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി 2013–14–ൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നടപ്പു വർഷം എന്തെല്ലാം പദ്ധതികളാണു ലക്ഷ്യമിടുന്നതെന്നു വ്യക്തമാക്കുമോ;

(സി) നടപ്പു വർഷത്തെ പദ്ധതി നർദ്ദേശങ്ങൾക്കായി പ്രസ്തുത പ്രദേശം ഉൽപ്പെടുന്ന നിയോജക മണ്ഡലത്തിലെ ജന പ്രതിനിധികളുടെ നിർദ്ദേശങ്ങൾ ക്ഷണിക്കുകയുണ്ടായോയെന്നു വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

നിട്ടൂർ - മലയാടപ്പൊയിൽ പി.എം.ജി.എസ്.വൈ. റോഡ് നിർമ്മാണം

1330 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് തൂണേരി ബ്ലോക്കിലെ നിട്ടൂർ-മലയാടപ്പൊയിൽ റോഡ് നിർമ്മാണം സംബന്ധിച്ച് സ്ഥലം എം.എൽ.എ. കൂടി പങ്കെടുത്ത ഉദ്യോഗസ്ഥതല യോഗം ചേർന്നിരുന്നോയെന്ന് വ്യക്താക്കുമോ ;

(ബി) പ്രസ്തുത യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ആരുടെ നിർദ്ദേശപ്രകാരമാണ് പ്രസ്തുതയോഗം വിളിച്ചു ചേർത്തത് എന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത യോഗം ചേർന്നതിനുശേഷമാണോ നിട്ടൂർ - മലയാടപ്പൊയിൽ റോഡ് നിർമ്മാണം ക്യാൻസൽ ചെയ്ത് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

<u>നിട്ടൂർ – മലയാടപ്പൊയിൽ റോഡ്</u>

1331 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് തൂണേരി ബ്ലോക്കിൽ നിർമ്മാണം നിലച്ചുപോയ നിട്ടൂർ–മലയാടപ്പൊയിൽ പി.എം.ജി.എസ്.വൈ. റോഡിന്റെ നിർമ്മാണ പ്രവൃത്തി പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) കരാർ പ്രകാരം നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരനെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) കരാർ പ്രകാരമുള്ള പണി പൂർത്തിയാകാത്തത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>സാമ്പത്തിക സെൻസസ്</u>

1332 ശ്രീ.പാലോട് രവി
,, വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക സെൻസസ് ആരംഭിച്ചോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം വിവരങ്ങളാണ് സെൻസസ് വഴി ശേഖരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) സാമ്പത്തിക സെൻസസിന്റെ വിവരങ്ങൾ എന്നു വെളിപ്പെടുത്താനാകും ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

<u>സാമ്പത്തിക സെൻസസ്</u>

T-1333

ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക സെൻസസ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സാമ്പത്തിക സെൻസസിൽ കാർഷിക സംരംഭങ്ങളായി അംഗീകരിക്കുവാൻ ഏതെല്ലാം കൃഷി ഇനങ്ങളാണ് നിർദ്ദേശിച്ചിട്ടുളളതെന്ന് പറയാമോ;

(ഡി) റബർ,തെങ്ങ്,കമുക്, കുരുമുളക് തുടങ്ങിയ തോട്ട വിള കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവരെ സെൻസസ് കണക്കെടുപ്പിൽ
കർഷക തൊഴിലാളികളായി അംഗീകരിക്കേണ്ടതില്ലെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുളളതായി അറിയുമോ;

(ഇ) എങ്കിൽ അതിനുളള കാരണങ്ങൾ പറയാമോ;

(എഫ്) കേരളത്തിലെ എല്ലാ കർഷകത്തൊഴിലാളികളെയും സാമ്പത്തിക സെൻസസിൽ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിന്റെ പ്രവർത്തനം</u>

T-1334 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, എം. പി. അബ്ദുസ്സമദ് സമദാനി
,, പി. കെ. ബഷീർ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഈ വകുപ്പ് ശേഖരിക്കുന്ന വിവരങ്ങളും, നടത്തുന്ന പഠനങ്ങളും സർക്കാരിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, ഏകോപിപ്പിക്കുന്നതിനും എത്രത്തോളം സഹായകരമാവുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം തരത്തിലുള്ള വിവരശേഖരണവും, പഠനവുമാണ് സ്ഥിരമായും, പീരിയോഡിക്കലായും ഈ വകുപ്പ് ഏറ്റെടുക്കാറുള്ളതെന്നതിന്റെ വശദവിവരം നൽകാമോ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

<u>സംയോജിത നീർത്തട പരിപാലന പരിപാടി</u>

1335 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംയോജിത നീർത്തട പരിപാലന പരിപാടി നടപ്പിലാക്കിയത് ഏതു വർഷം മുതലാണ്;

(ബി) ഓരോ സാമ്പത്തിക വർഷവും ഇതിനായി എത്ര തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുടെ കാലാവധി എത്ര വർഷമാണെന്നും കേന്ദ്ര വിഹിതമായി എത്ര തുക ലഭിച്ചുവെന്നും വ്യക്തമാക്കാമോ;

(ഡി) പദ്ധതി പ്രവർത്തനത്തെ സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നും ഇതനുസരിച്ച് നിർദ്ദേശിക്കപ്പെട്ട പ്രോജക്ടുകളും ഓരോ പ്രോജക്ടിന്റെയും അടങ്കൽ തുകയും പ്രോജക്ട് ഏതു വികസന ബ്ലോക്കിൽ ഉൾപ്പെട്ടതാണെന്നും വ്യക്തമാക്കുമോ;

(ഇ) എത്ര പ്രോജക്ടുകൾക്കാണ് അംഗീകാരം നൽകിയത്;

(എഫ്) അംഗീകാരം ലഭിച്ച പ്രോജക്ടുകൾ ഏതെല്ലാമെന്നും ഏതു വികസന ബ്ലോക്കിൽ ഉൾപ്പെട്ടതാണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>സംയോജിത നീർത്തട പരിപാലന പരിപാടിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയ്ക്ക് അനുവദിച്ച തുക</u>

1336 ശ്രീ.ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംയോജിത നീർത്തട പരിപാലന പരിപാടിയിൽ ഉൾപ്പെടുത്തി 2011-2012, 2012-2013 വർഷങ്ങളിൽ കണ്ണൂർ ജില്ലക്ക് എത്ര തുകയാണു ലഭിച്ചത്;

(ബി) ജില്ലയിലെ ഓരോ ബ്ലോക്കിനും എത്ര തുകയാണ് പ്രസ്തുത വർഷങ്ങളിൽ അനുവദിച്ചത്;

(സി) ഓരോ വികസന ബ്ലോക്കുകളിലും പ്രസ്തുത പരിപാടിയിൽ ഉൾപ്പെടുത്തി 2011-2012, 2012-2013 വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റ്</u>

1337

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രണ്ടാം ഗ്രേഡ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റ് ഇതുവരെ പ്രസിദ്ധീകരിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതിനാൽ ഒന്നാം ഗ്രേഡ് വി.ഇ.ഒ. തസ്തികയിലേക്ക് പ്രൊമോഷൻ നൽകാൻ സാധിക്കാത്ത കാര്യം പരിഗണിച്ച് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ സത്വര നടപടി സ്വീകരിക്കാമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>വള്ളിക്കുന്ന് മണ്ഡലത്തിൽ ബ്ലോക്ക് പഞ്ചായത്ത് രൂപീകരിക്കുന്നതിന് നടപടി</u>

1338

ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ തേഞ്ഞിപ്പലം കേന്ദ്രമാക്കി ബ്ലോക്ക് പഞ്ചായത്ത് രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) താലൂക്ക് - ബ്ലോക്ക് കേന്ദ്രങ്ങളുടെ അഭാവത്താൽ പ്രസ്തുത മണ്ഡലത്തിന്റെ വികസന കാര്യങ്ങൾ തടസ്സപ്പെടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോഴിക്കോട് യൂണിവേഴ്സിറ്റിയും വിമാനത്താവളവും കിൻഫ്രാ പാർക്കുമൊക്കെ സ്ഥിതി ചെയ്യുന്നതും നാഷണൽ ഹൈവേ കടന്നുപോകുന്നതുമായ പ്രസ്തുത മണ്ഡലത്തിലെ ആറ് പഞ്ചായത്തുകൾ ഉൾപ്പെടുത്തി ഒരു ബ്ലോക്ക് പഞ്ചായത്ത് രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് നീക്കിവച്ച തുക

T-1339 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിലവർദ്ധനവ് അനുഭവപ്പെടുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ തോത് വ്യക്തമാക്കാമോ;

(ബി) വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് ഈ വർഷത്തെ പദ്ധതിക്ക് നീക്കിവച്ചിട്ടുള്ള തുക എത്രയാണ്;

(സി) പ്രസ്തുത തുക നിക്ഷേപിക്കുമ്പോൾ വിലവർദ്ധനവ് മൂലം അതിന്റെ മൂല്യം എത്രത്തോളം കുറയുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര?

**കേരള നിയമസഭ**
**14.06.2013-ലെ മറുപടിക്ക്**

<u>മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി</u>

1340 ശ്രീ. പാലോട് രവി
,, എം. എ. വാഹീദ്
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ബി) എന്തെല്ലാം നേട്ടങ്ങളാണ് ഇതു മൂലം മലയാള ഭാഷ കൈവരിക്കുന്നത് എന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കുമോ ;

(സി) മലയാള ഭാഷ പരിപോഷിപ്പിക്കാൻ എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത് എന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കുമോ ;

(ഡി) മലയാള ഭാഷാ പരിപോഷണത്തിന് നടപടികൾ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) മലയാള ഭാഷാ വികസനത്തിന് കർമ്മ പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>മലയാളം - ശ്രേഷ്ഠഭാഷയും ഭരണഭാഷയും</u>

1341 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാളം ശ്രേഷ്ഠഭാഷയായി പ്രഖ്യാപിച്ച് ഉത്തരവുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതുകൊണ്ട് നേട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) മലയാളം ഭരണഭാഷയായി പ്രഖ്യാപിച്ചിട്ടും പല സർക്കാർ ഉത്തരവുകളും മറ്റ് ഭാഷകളിൽ ഇറങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് ഒന്നാം ഭാഷയായി മലയാളം പഠിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഇ) മലയാള ഭാഷ പഠിപ്പിക്കാത്ത സ്കൂളുകളുടെ അംഗീകാരം റദ്ദ് ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

<u>മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ പദവി</u>

T-1342 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ പദവി ലഭിക്കുന്നതിന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ടോ എന്ന് പറയാമോ;

(ബി) ഇത് മൂലം മലയാള ഭാഷയുടെ വികാസത്തിന് എന്തെല്ലാം പദ്ധതികൾക്കും മറ്റു കാര്യങ്ങൾക്കും സഹായം ലഭിക്കും എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>മലയാള ഭാഷയുടെ വ്യാപനം</u>

1343 ശ്രീ.ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാള ഭാഷയുടെ വ്യാപനത്തിനും പോഷണത്തിനും എന്തെല്ലാം പുതിയ പരിപാടികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത് എന്നറിയിക്കുമോ;

(ബി) കോടതി വ്യവഹാരമടക്കമുള്ള ഫയൽ നടപടികൾ സമ്പൂർണ്ണമായി മലയാളത്തിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 14.06.2013-ലെ മറുപടിക്ക്

<u>'കോട്ടയം ചിത്രനഗരി' പദ്ധതി</u>

1344 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'കോട്ടയം ചിത്രനഗരി' പദ്ധതിക്ക് അനുവദിച്ച തുക എത്രയെന്ന് അറിയിക്കുമോ;

(ബി) 'ചിത്രനഗരി പദ്ധതി'ക്ക് വിനിയോഗിച്ച തുകയുടെ വരവു-ചെലവ് കണക്ക് വിശദമായി അറിയിക്കുമോ;

(സി) ഈ പദ്ധതിയുടെ ഭാഗമായി, ചിത്രകാരൻമാരെക്കൊണ്ട് സ്വകാര്യ സ്ഥാപനങ്ങളിൽ സർക്കാർ ചെലവിൽ ചിത്ര രചന നടത്തിയതായി അറിയുമോ; എങ്കിൽ സ്വകാര്യ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് പറയാമോ;

(ഡി) സർക്കാർ ചെലവിൽ ചിത്ര രചന നടത്തി സ്വകാര്യ സ്ഥാപനങ്ങൾ മോടിപിടിപ്പിക്കാൻ കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

'മാനവീയം വീഥി'

1345 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ വെള്ളയമ്പലത്തുള്ള 'മാനവീയം വീഥി', നിർദ്ദിഷ്ട സാംസ്കാരിക പ്രൗഢി യിലേക്ക് തിരിച്ചുകൊണ്ടുവരാൻ ആലോചിക്കുമോ;

(ബി) നഗരത്തിലെ വാഹന പാർക്കിംഗ് ഇടമായി മാറിയ 'മാന വീയം വീഥി' യെ രക്ഷിച്ച്, നല്ലൊരു സാംസ്കാരിക വിനിമയ കേന്ദ്രമായി ഉയർത്താൻ നടപടി സ്വീകരി ക്കുമോ;

(സി) 'മാനവീയം വീഥി'യിൽ മൺമറഞ്ഞ കലാ–സാഹിത്യ പ്രതിഭകളുടെ ശില്പങ്ങൾ സ്ഥാപിക്കുകയും ഇരുവശ ങ്ങളിലെ മതിലിൽ ചിത്രങ്ങൾ ആലേഖനം ചെയ്യുന്നതും അഭികാമ്യമായി കരുതുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>ചരിത്രസ്മാരകങ്ങളുടെ സംരക്ഷണം</u>

1346 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കുകയെന്നത് നയമായി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏത് വിധമുള്ള സ്മാരകങ്ങളാണ് സംരക്ഷിതപട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) മീനമ്പലത്ത് സ്ഥിതിചെയ്യുന്ന പൂർണ്ണമായും കല്ലിൽ നിർമ്മിച്ചിട്ടുള്ള വഴിയമ്പലം സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിരുന്നുവോ;

(സി) പ്രസ്തുത അപേക്ഷയിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

<u>രാജാരവിവർമ്മ സ്മാരക നിർമ്മാണം</u>

1347 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസകാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിളിമാനൂരിലെ രാജാരവിവർമ്മ സ്മാരക നിർമ്മാണം ഒന്നാം ഘട്ടത്തിലെ പദ്ധതികൾ എന്തൊക്കെയെന്നും ഇതുവരെ ചെലവഴിച്ച തുക എത്രയെന്നും ഇനിയും അവശേഷിക്കുന്ന പണികൾ എന്തൊക്കെയെന്നും വിശദമാക്കാമോ ;

(ബി) രണ്ടാം ഘട്ടം നിർമ്മാണം എന്ന് ആരംഭിക്കുവാനാകുമെന്നും ഇതിനായി ലളിതകലാ അക്കാദമി നീക്കിവച്ചിട്ടുള്ള തുക എത്രയെന്നും ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>കമലാ സുരയ്യയുടെ സ്മരണകൾ നിലനിർത്താൻ പദ്ധതി</u>

1348 ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കവയിത്രി കമലാ സുരയ്യയുടെ സ്മരണകൾ നിലനിർത്താൻ എന്തെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചതെന്ന് അറിയിക്കാമോ ;

(ബി) ഈ പദ്ധതികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(സി) ഈ ആവശ്യത്തിലേയ്ക്കായി സാംസ്കാരിക വകുപ്പിന് കവയിത്രിയുടെ തറവാടുവക സ്ഥലം കൈമാറിയിട്ടുണ്ടോ ; എങ്കിൽ എത്ര സെന്റ് സ്ഥലം കൈമാറിയിട്ടുണ്ട് എന്നറിയിക്കാമോ ;

(ഡി) ഇവിടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആഭിമുഖ്യത്തിൽ ഉചിതമായ സ്മാരകം നിർമ്മിക്കുന്നതിനും കാവുകൾ ഉൾപ്പെടെയുള്ള സ്ഥലം സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

കൊച്ചുകുട്ടന്‍ ചാക്യാരുടെ സ്മരണ നിലനിര്‍ത്തുന്നതിനാവശ്യമായ നടപടികള്‍

1349 ശ്രീ. ജോസ് തെറ്റയില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൂടിയാട്ടം കലാകാരന്‍ മൂഴിക്കുളം കൊച്ചുകുട്ടന്‍ ചാക്യാരുടെ സ്മരണ നിലനിര്‍ത്തുന്നതിനാവശ്യമായ നടപടികള്‍ സ്വീകരിക്കുമോ;

(ബി) എങ്കില്‍ സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്ന നടപടികള്‍ എന്തെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

**കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാ മ്യൂസിയം നവീകരണം**

1350 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാ മ്യൂസിയം നവീകരണത്തിനായി കേരള കലാമണ്ഡലം വഴി നടത്തുന്ന പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) കലാമണ്ഡലം മുഖാന്തിരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നവീകരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്നതിനാവശ്യമായ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>കൃഷ്ണപുരം കൊട്ടാരത്തിന്റെ വരുമാനം</u>

1351 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2012-2013ലെ സന്ദർശക ടിക്കറ്റ് ഇനത്തിൽ കായംകുളം കൃഷ്ണപുരം കൊട്ടാരത്തിന്റെ വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

<u>സർക്കാർ പരസ്യങ്ങൾ നൽകിയ ഇനത്തിൽ ചെലവായ തുക</u>

1352 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പരസ്യങ്ങൾ നൽകിയ ഇനത്തിൽ ഇതിനകം ചെലവായ മൊത്തം തുക എത്രയെന്ന് വിശദമാക്കാമോ;

(ബി) പത്ര–ദൃശ്യ മാധ്യമങ്ങൾക്ക് ഈ ഇനത്തിൽ ഈ സർക്കാരിന്റെ കാലത്ത് അനുവദിച്ചുകൊടുത്ത മൊത്തം തുക എത്രയെന്നും ഈ ഇനത്തിൽ കൊടുത്തുതീർക്കാൻ ബാക്കിനിൽപ്പുളള തുക എത്രയെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

സർക്കാരിന്റെ പരസ്യങ്ങൾക്ക് ചെലവായ തുക

1353 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നേരിട്ടും പി.ആർ.ഡി വഴിയും സർക്കാരിന്റെ പരസ്യങ്ങളുടെ ഇനത്തിൽ ചെലവായ തുക സംബന്ധിച്ച കണക്കുകൾ വെളിപ്പെടുത്താമോ ;

(ബി) ഈ കാലയളവിൽ മാധ്യമങ്ങൾ വഴി സർക്കാർ വകുപ്പുകൾ നല്കിയ പരസ്യങ്ങൾക്ക് ചെലവായ തുക എത്രയെന്ന് വെളിപ്പെടുത്തുമോ ;

(സി) പി.ആർ.ഡി വഴി അല്ലാതെ സർക്കാർ വകുപ്പുകളും അതിന് കീഴിലുള്ള സ്ഥാപനങ്ങളും നല്കിയ വിവിധങ്ങളായ പരസ്യ ചെലവ് മൊത്തം എത്ര ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ</u>

1354 ശ്രീ.ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ ഏതൊക്കെയെന്നും ഓരോന്നിലും എത്ര പേജുകൾ വീതം ഉണ്ടെന്നും എത്ര കോപ്പികൾ വീതം അച്ചടിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ ഓരോന്നിനും ചെലവായ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പുസ്തകങ്ങൾ ഓരോന്നും ഏത് പ്രസ്സുകളിലാണ് അച്ചടിച്ചത്; ഗവൺമെന്റ് പ്രസ്സിനു പകരം സ്വകാര്യ പ്രസ്സിൽ അച്ചടിച്ചവ ഏതെല്ലാം; ഇതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) സർക്കാരിന്റെ പബ്ലിസിറ്റിക്കായി 2011-12, 2012-13 സാമ്പത്തിക വർ
ഷത്തിൽ പി. ആർ.ഡി വഴിയുള്ള പ്രസിദ്ധീകരണങ്ങൾക്ക് ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

<u>പ്രാദേശിക പത്രപ്രവർത്തകരുടെ ക്ഷേമനിധി</u>

1355 ശ്രീ.വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക പത്രപ്രവർത്തകരുടെ ക്ഷേമനിധിക്കായി കഴിഞ്ഞ ബജറ്റിൽ വകയിരുത്തിയ 1 കോടി രൂപയിൽ കഴിഞ്ഞ വർഷം എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ക്ഷേമനിധിയിൽ നിന്നും എത്ര പത്രപ്രവർത്തകർക്ക് സഹായം നൽകിയെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>സി- ഡിറ്റിന്റെ അജണ്ട തീരുമാനം</u>

1356 ശ്രീ. റ്റി. എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സി-ഡിറ്റിന്റെ 16-10-2007-ലെ 52-മത്തെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ 20-ാം നമ്പര്‍ അജണ്ട തീരുമാനം എന്താണ് എന്നും പ്രസ്തുത തീരുമാനത്തിന്മേല്‍ സ്വീകരിച്ച തുടര്‍നടപടികള്‍ എന്താണെന്നും വിശദമാക്കാമോ;

(ബി) ജി.ഒ(ആര്‍.ടി)നം.196/08/ഐ.& പി.ആര്‍.ഡി. തീയതി 18-8-2008 നമ്പര്‍ പ്രകാരം 55 ജീവനക്കാരെ സി-ഡിറ്റില്‍ റഗുലറൈസ് ചെയ്ത രീതി വ്യക്തമാക്കാമോ;

(സി) ജി.ഒ(എം.എസ്)നം.2/2011 ഐ.& പിആര്‍.ഡി തീയതി 8-2-2011 പ്രകാരം സി-ഡിറ്റിലെ 7 ജീവനക്കാരെ റഗുലറൈസ് ചെയ്ത രീതി വ്യക്തമാക്കാമോ;

(ഡി) സ്വയംഭരണ സ്ഥാപനമായ സി-ഡിറ്റിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി/ഗവേണിംഗ് ബോഡി തീരുമാനം കൂടാതെ 8-2-2011-ലെ ഉത്തരവ് പ്രകാരം 7 ജീവനക്കാരെ റഗുലറൈസ് ചെയ്ത മുന്‍ സര്‍ക്കാരിന്റെ നടപടി വ്യവസ്ഥാപിതമാണോ; എങ്കില്‍ സര്‍ക്കാരിനെ അധികാരപ്പെടുത്തുന്ന പ്രസ്തുത വ്യവസ്ഥകള്‍ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; വ്യവസ്ഥാപിതമല്ലെങ്കില്‍ മുന്‍സര്‍ക്കാരിന്റെ ഈ നടപടി പുന:പരിശോധിക്കുമോ;

(ഇ) 11-4-2012-ല്‍ കൂടിയ സി-ഡിറ്റിന്റെ 18-ാമത് ഗവേണിംഗ് ബോഡി യോഗത്തില്‍ 1-1-2012-ല്‍ 6 വര്‍ഷത്തെ സേവനം പൂര്‍ത്തിയാക്കിയ ജീവനക്കാരെ റഗുലറൈസ് ചെയ്യുവാന്‍ തീരുമാനിച്ചിട്ടുണ്ടോ; എങ്കില്‍ ഇക്കാര്യത്തില്‍ മാനേജ്മെന്റ് നാളിതുവരെ സ്വീകരിച്ച വിവരങ്ങള്‍ വ്യക്തമാക്കാമോ;

(എഫ്) 1-1-2012 വരെ തുടര്‍ച്ചയായി 6 വര്‍ഷത്തെ സേവനം പൂര്‍ത്തിയാക്കിയ എത്ര ജീവനക്കാര്‍ നിലവില്‍ സിഡിറ്റില്‍ ജോലി നോക്കി വരുന്നുവെന്നും അവരുടെ വിശദാംശങ്ങള്‍ എന്തൊക്കെയെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

സി. ഡിറ്റിലെ ജീവനക്കാരെ റഗുലറൈസ് ചെയ്ത നടപടി

1357 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജി. ഒ (ആർ. ടി) 222/2008/ഐ & പി. ആർ. ഡി തീയതി 29-9-2008, ജി. ഒ (എം. എസ്) 2/2011 ഐ. & പി. ആർ. ഡി തീയതി 8-2-2011 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം മുൻ സർക്കാരിന്റെ കാലത്ത് എത്ര ജീവനക്കാരെ റഗുലറൈസ് ചെയ്തിട്ടുണ്ട്; അവരുടെ പേരും റഗുലറൈസ് ചെയ്ത തസ്തികകളുടെ വിവരങ്ങളും വ്യക്തമാക്കുമോ;

(ബി) അവരിൽ എത്ര പേർക്ക് എംസിഎ/എംബിഎ/ബിടെക്/ഡോക്ടറേറ്റ് യോഗ്യതകൾ ഉണ്ട്; ഈ യോഗ്യതകൾ അവർ നേടിയ യൂണിവേഴ്സിറ്റികളുടെ പേര് വിവരങ്ങൾ വ്യക്തമാക്കാമോ; ആ യൂണിവേഴ്സിറ്റി ബിരുദങ്ങൾ കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റി ബിരുദങ്ങൾക്ക് തത്തുല്യമാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ അവർ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) സി. ഡിറ്റിൽ ജീവനക്കാർക്ക് തസ്തിക പുന:നാമകരണം ചെയ്യുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ; ഇപ്രകാരം എത്ര റഗുലർ/കരാർ ജീവനക്കാർക്ക് തസ്തിക പുന:നാമകരണം നൽകിയിട്ടുണ്ട്. അവരുടെ പേരും നിലവിലെ തസ്തികകളുടെ വിവരങ്ങളും ലഭ്യമാക്കാമോ;

(ഡി) സി. ഡിറ്റിലെ ജീവനക്കാരുടെ ഏതെങ്കിലും സംഘടനയുടെ ഭാരവാഹിയാണോ തസ്തിക പുന:നാമകരണം വഴി ലാ ഓഫീസറായി സേവനം അനുഷ്ടിക്കുന്നത്; ആ സംഘടന സി. ഡിറ്റിനെതിരായി എത്ര കേസ്സുകൾ നാളിതുവരെ വിവിധ കോടതി കളിൽ ഫയൽ ചെയ്തിട്ടുണ്ട്; പ്രസ്തുത കേസ്സുകളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത വ്യക്തി ഓഫീസർ തസ്തികയിൽ തുടരുന്നത് നിമിത്തം ഏതെങ്കിലും കേസ്സുകളിന്മേൽ സമയബന്ധിതമായി നടപടികൾ സ്വീകരിയ്ക്കുവാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത്തരം കേസ്സുകളിന്മേൽ തുടർ നടപടികൾ സ്വീകരിയ്ക്കുവാൻ എന്ത് ക്രമീകരണങ്ങളാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

<u>പ്രവാസി തിരിച്ചറിയൽ കാർഡ്</u>

1358 ശ്രീ.കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതു വരെ എത്ര പ്രവാസികൾക്ക് തിരിച്ചറിയൽ കാർഡ് വിതരണം നടത്തിയിട്ടുണ്ട് എന്നറിയിക്കുമോ;

(ബി) ഇത്തരത്തിൽ തിരിച്ചറിയൽ കാർഡ് നൽകുക വഴി വകുപ്പിന് കിട്ടിയ വരുമാനം എത്രയെന്നും വ്യക്തമാക്കുമോ;

(സി) പ്രവാസി തിരിച്ചറിയൽ കാർഡ് കൊണ്ട് അവർക്ക് കിട്ടുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രവാസി തിരിച്ചറിയൽ കാർഡ് ലഭിക്കുന്നതിന് വകുപ്പ് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>സാന്ത്വനം ധനസഹായ പദ്ധതി</u>

1359 ശ്രീ.കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സാന്ത്വനം പദ്ധതിയിലുൾപ്പെടുത്തി എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ട് എന്നും ഇത് ഏതെല്ലാം ആവശ്യത്തിന് കൊടുത്തിട്ടുണ്ട് എന്നും കാറ്റഗറി തിരിച്ച് കണക്ക് വ്യക്തമാക്കുമോ;

(ബി) സാന്ത്വനം സഹായം ലഭിക്കുന്നതിന് പ്രവാസി തിരിച്ചറിയൽ കാർഡ് വേണമെന്ന് നിർബന്ധമുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

**മരണപ്പെടുന്ന പ്രവാസികളുടെ നിർദ്ധന കുടുംബങ്ങൾക്കുള്ള ധനസഹായം**

1360 ശ്രീ.ജി.എസ്.ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്തു വരവേ മരണപ്പെടുന്ന നിർദ്ധനരുടെ കുടുംബങ്ങളെ സാമ്പത്തികമായി സഹായിക്കുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര തുക വരെ അനുവദിക്കാറുണ്ടെന്നും, കുടുംബങ്ങളെ തെരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം നൽകിയെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

<u>പ്രവാസി പുനരധിവാസ പദ്ധതി</u>

1361 ശ്രീ.സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്രവാസി പുനരധിവാസ പദ്ധതി പ്രകാരം 2012–13–ൽ എത്ര പ്രവാസി മലയാളികൾക്കാണ് ബാങ്ക് വായ്പ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

<u>തൊഴിൽരഹിത പ്രവാസികൾക്ക് സഹായം</u>

1362 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ മേഖലയിലെ പുതിയ നിയമങ്ങൾ കാരണം പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗൾഫിലെ സ്വദേശിവൽക്കരണ നടപടിയുടെ ഭാഗമായി എത്ര മലയാളികൾ തിരിച്ചെത്തി എന്ന് വ്യക്തമാക്കുമോ;

(സി) ഇവരെ തിരിച്ചെത്തിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സാഹചര്യത്തിലും എയർ ഇന്ത്യ ചാർജ്ജ് വർദ്ധിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

<u>ഗൾഫിൽ നിന്ന് തിരിച്ചയക്കപ്പെട്ട തൊഴിലാളികളുടെ വിവരം</u>

1363 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികളെ ചില രാജ്യങ്ങളിൽ നിന്നും തിരിച്ചയക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇങ്ങനെ എത്ര തൊഴിലാളികൾ സംസ്ഥാനത്ത് ഇതുവരെ തിരിച്ചെത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

തൊഴിൽ നഷ്ടപ്പെടുന്ന മലയാളികൾ

1364 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വദേശിവത്കരണം കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗൾഫ് നാടുകളിൽ നിന്ന് ജോലി നഷ്ടപ്പെടുന്ന മലയാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) ജോലി നഷ്ടപ്പെട്ട് ഇതുവരെ എത്ര പേർ സംസ്ഥാനത്ത് തിരിച്ചു വന്നിട്ടുണ്ട് എന്ന് അറിയിക്കുമോ;

(സി) ഇവരെ സഹായിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>സൗദി സ്വദേശിവല്‍ക്കരണം</u>

T1365 ശ്രീ. കെ. വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സൗദി സ്വദേശിവല്‍ക്കരണം മൂലം എത്ര മലയാളികള്‍ക്ക് തൊഴില്‍ നഷ്ടമാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) സൗദിയില്‍ നിന്ന് തിരിച്ചെത്തുന്ന മലയാളികള്‍ക്ക് വിമാനയാത്ര സൗജന്യമാക്കുമെന്ന നിയമസഭയിലെ ഉറപ്പ് പ്രാവര്‍ത്തികമാക്കിയോ;

(സി) എയര്‍ചാര്‍ജ് വര്‍ദ്ധിപ്പിക്കുന്ന എയര്‍ ഇന്ത്യ ഉള്‍പ്പെടെയുള്ള വിമാനകമ്പനികളുടെ നിലപാടിനെതിരെ എന്തു സമീപനമാണ് സ്വീകരിക്കുന്നത്?

# കേരള നിയമസഭ
# 14.06.2013-ലെ മറുപടിക്ക്

സൗദി അറേബ്യയിൽ നിന്നും തിരികെയെത്തുന്നവർക്കായി
പുനരധിവാസ പാക്കേജ്

1366 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗദി അറേബ്യയിൽ നിന്നും ജോലി നഷ്ടപ്പെട്ട് തിരികെയെത്തുന്നവർക്കായി പുനരധിവാസ പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) എത്ര മലയാളികൾ സൗദി അറേബ്യയിൽ നിന്നും ജോലി നഷ്ടപ്പെട്ട് തിരികെ എത്തും എന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) പുനരധിവാസ പാക്കേജ് തയ്യാറാക്കുന്നതിനായി ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; അതിനായി നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങൾ നടന്നു കഴിഞ്ഞു എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>നിതാഖത്ത് നിയമംമൂലം പ്രവാസിമലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ</u>

T1367 ശ്രീ. കെ. എൻ. എ. ഖാദർ
,, കെ. മുഹമ്മദുണ്ണി ഹാജി
,, കെ. എം. ഷാജി
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗദി അറേബ്യയിൽ നടപ്പിലാക്കിവരുന്ന നിതാഖത്ത് നിയമംമൂലം പ്രവാസിമലയാളികൾ നേരിടുന്ന യഥാർത്ഥ പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ശതമാനം പ്രവാസികളെയാണിത് കൃത്യമായി ബാധിക്കുന്നതെന്നും സൗദിയിലെ മലയാളികളായ പ്രവാസികളുടെ സംഖ്യ എത്രയാണെന്നും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ പ്രവാസികളെ സഹായിക്കുവാൻ കേരള സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും തൽഫലമായി ഉണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ഡി) ഇത്തരം സാധ്യതകൾ മുന്നിൽകണ്ട് മറ്റു രാഷ്ട്രങ്ങളിലെ പ്രവാസി മലയാളികളുടെ തൊഴിൽ സുരക്ഷയ്ക്കായി എന്തെങ്കിലും മുൻ കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് ഉദ്ദേശ്യമുണ്ടോ എന്നും വിശദീകരിക്കുമോ?

## കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

നിതാഖത്ത് പ്രശ്നം

T1368 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിതാഖത്ത് പ്രശ്നവുമായി ബന്ധപ്പെട്ട് പ്രവാസ ജീവിതം അവസാനിപ്പിക്കേണ്ടി വന്നവരെ പുനരധിവസിപ്പിക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികളെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) നിതാഖത്ത് പ്രശ്നവുമായി ബന്ധപ്പെട്ട് പ്രവാസ ജീവിതം അവസാനിപ്പിക്കേണ്ടി വന്ന എത്ര പേർ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>പ്രവാസി പുനരധിവാസ പാക്കേജ്</u>

1369 ശ്രീ. വി. റ്റി. ബല്‍റാം
'' ഡൊമിനിക് പ്രസന്റേഷന്‍
'' സി. പി. മുഹമ്മദ്
'' കെ. ശിവദാസന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സൗദി അറേബ്യയില്‍ നിന്നും നാട്ടിലേക്ക് മടങ്ങി വരുന്ന മലയാളികള്‍ക്കായി പുനരധിവാസ പാക്കേജ് രൂപം നല്‍കിയിട്ടുണ്ടോ; എങ്കില്‍ വിശദമാക്കാമോ;

(ബി) പാക്കേജിന്റെ ലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) പുനരധിവാസ പാക്കേജിന് കേന്ദ്ര പങ്കാളിത്തം ഉറപ്പാക്കാന്‍ എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്;

(ഡി) പാക്കേജ് നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം;

(ഇ) ഇതിനായി എന്തെല്ലാം നടപടികളാണ് എടുക്കാനുദ്ദേശിക്കുന്നത് എന്നറിയിക്കുമോ?

# കേരള നിയമസഭ
# 14.06.2013-ലെ മറുപടിക്ക്

<u>നിതാഖത്ത് വ്യവസ്ഥമൂലം കേരളത്തിലെ പ്രവാസികൾക്കുണ്ടായ പ്രശ്നങ്ങൾ</u>

1370

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗദി അറേബ്യ നടപ്പിലാക്കിയ നിതാഖത്ത് വ്യവസ്ഥ മൂലം കേരളത്തിലെ പ്രവാസികൾക്കുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇത് മൂലം എത്ര പ്രവാസികൾ തിരിച്ച് എത്തിയിട്ടുണ്ട്;

(സി) ഇവരെ സഹായിക്കുന്നതിനും, ഇനി തിരിച്ച് വരുന്നവരെ പുനരധിവസിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസം

1371 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിതാഖത് നിയമവുമായി ബന്ധപ്പെട്ട് വിദേശരാഷ്ട്രങ്ങളിൽനിന്നും മടങ്ങിവരുന്ന പ്രവാസികളുടെ കൃത്യമായ വിവരശേഖരണം നടത്തിയിട്ടുണ്ടോ;

(ബി) നിതാഖത് നിയമവുമായി ബന്ധപ്പെട്ട് തിരിച്ചുവന്ന പ്രവാസികളുടെ പുനരധിവാസം ഉറപ്പുവരുത്തുമോ?

**കേരള നിയമസഭ**
**14.06.2013-ലെ മറുപടിക്ക്**

<u>''നിതാഖത്ത്'' നിയമം മൂലം ഒഴിഞ്ഞ് വരേണ്ടി വരുന്നവരുടെ എണ്ണം</u>

1372 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ''നിതാഖത്ത്'' നിയമം മൂലം എത്ര മലയാളികൾ സൗദി അറേബ്യയിൽ അവിടെ നിന്ന് ഒഴിഞ്ഞ് വരേണ്ടി വന്നിട്ടുണ്ടെന്ന് ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇവർക്ക് വീണ്ടും തിരിച്ചു പോകുന്നതിന് എന്തെങ്കിലും സാധ്യത നിലനിൽക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഇവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

ഗൾഫ് രാജ്യങ്ങളിലെ തൊഴിൽ മേഖലയിൽ നിന്നും പുറത്താക്കപ്പെടുന്ന മലയാളികൾ

1373

ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിലെ പുതിയ തൊഴിൽ നിയമങ്ങളുടെ ഭാഗമായിഅവിടെ നിന്നും ഒട്ടേറെ മലയാളികൾ ഉൾപ്പെടയുളളവർ പുറത്താക്കപ്പെടുന്നതായ വിഷയം അറിയുമോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഇപ്രകാരം പുറത്താക്കപ്പെടുന്നവരുടെ തൊഴിൽ സംരക്ഷിക്കുന്നതിനും തടവിലാക്കപ്പെടുന്നവരെ മോചിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ നിയമസഹായം ഉൾപ്പെടെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പറയാമോ;

(ഡി) ഇപ്രകാരം ഗൾഫ് രാജ്യങ്ങളിൽ നിന്നും എത്ര പേരെ പുറത്താക്കിയിട്ടുണ്ടെന്നും അതിൽ എത്ര പേർ അവിടെ തടവിൽ കഴിഞ്ഞവരുണ്ടെന്നും ഇപ്പോൾ എത്ര പേർ തടവിൽകഴിയുന്നുണ്ടെന്നും വിശദമാക്കാമോ;

(ഇ) ഗൾഫ് രാജ്യങ്ങളിൽ നിന്ന് തൊഴിൽ നിയമങ്ങളുടെ പേരിൽ പുറത്താക്കപ്പെട്ടവരെ സംരക്ഷിക്കുവാൻ എന്തെങ്കിലും പുനരധിവാസ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ;

(എഫ്) ഇല്ലെങ്കിൽ അവർക്കുവേണ്ടി പുനരധിവാസ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുമോ?

**കേരള നിയമസഭ**

**14.06.2013–ലെ മറുപടിക്ക്**

<u>സ്വദേശിവൽക്കരണം വഴി തിരിച്ചെത്തുന്നവരെ സംരക്ഷിക്കാനുള്ള നടപടികൾ</u>

1374 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ ഗൾഫ് നാടുകളിൽ തൊഴിൽ നഷ്ടപ്പെട്ടവർ നാട്ടിൽ വരാൻ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ഇവരെ സഹായിക്കാൻ എന്തുനടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ജോലി നഷ്ടപ്പെട്ട് തിരികെ എത്രപേർ സംസ്ഥാനത്തെത്തിയിട്ടുണ്ട് എന്നും ഇനി എത്രപേർ എത്തുവാനുണ്ട് എന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ സംസ്ഥാനത്ത് തിരിച്ചെത്തുന്നവരെ പുനരധിവസിപ്പിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ഡി) എങ്കിൽ എന്ത് തരത്തിലുള്ള പുനരധിവാസം നടപ്പിലാക്കും എന്ന് വ്യക്തമാക്കുമോ;

(ഇ) ഇവരുടെ പുനരധിവാസത്തിനും, മടക്കയാത്രയ്ക്കും ഉള്ള സാമ്പത്തിക പാക്കേജും, വേണ്ട സഹായങ്ങളും ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് സഹായനടപടികളാണ് ആവശ്യപ്പെട്ടത് എന്ന് വ്യക്തമാക്കുമോ;

(എഫ്) ഇതിനായി കേന്ദ്രഗവൺമെന്റ് എന്തെങ്കിലും സഹായം സംസ്ഥാനത്തിന് നൽകിയിട്ടുണ്ടോ എന്നും സഹായവാഗ്ദാനം നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ജി) സ്വദേശിവൽക്കരണത്തിൽ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്നവരുടെയും എത്താത്തവരുടെയും സുരക്ഷയ്ക്കും പുനരധിവാസത്തിനുമായി എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചു എന്നറിയിക്കുമോ;

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

(എച്ച്) 'സ്വദേശിവൽക്കരണത്തിൽ' ഉൾപ്പെട്ട ഗൾഫ് മലയാളികളുടെ പുനരധിവാസം തുടങ്ങി ക്ഷേമപ്രവർത്തനങ്ങൾക്കായി സംസ്ഥാന ബജറ്റിൽ എന്തുതുക വകയിരുത്തിയിട്ടുണ്ട്; പ്രത്യേക ഫണ്ട് ബജറ്റിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>നാട്ടിൽ തിരിച്ചുവന്നുകൊണ്ടിരിക്കുന്ന പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ</u>

1375 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. വി. അബ്ദുൾ ഖാദർ
ഡോ. കെ. ടി. ജലീൽ
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിൽ തിരിച്ചുവന്നുകൊണ്ടിരിക്കുന്ന പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ വിലയിരുത്തുകയുണ്ടായോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സ്വദേശിവല്ക്കരണ നടപടികളെ തുടർന്ന് ആശങ്കാകുലരായി കഴിയുന്ന പ്രവാസികളുടെ കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി;

(സി) ഇതിനകം തിരിച്ചയക്കപ്പെട്ടവർക്കുവേണ്ടി സ്വീകരിച്ച നടപടിയുടെ ഭാഗമായി എത്ര പേർ സംസ്ഥാനത്ത് സംരക്ഷിക്കപ്പെടുകയുണ്ടായി എന്നും അവശേഷിക്കുന്നവർ എത്ര എന്നും സംരക്ഷണ നടപടികൾ എന്തൊക്കെയായിരുന്നു എന്നും കേന്ദ്ര സർക്കാരിൽ നിന്നും ഇതിനായി എന്തെങ്കിലും പദ്ധതി നേടിയെടുക്കാൻ സാധ്യമായിട്ടുണ്ടോ എന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

<u>അറേബ്യൻ നാടുകളിൽ ജോലി ചെയ്യുന്ന മലയാളികളുടെ എണ്ണം</u>

1376 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്നും അറേബ്യൻ നാടുകളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ജില്ലതിരിച്ച എണ്ണവും ഓരോ രാജ്യത്തിലും എത്രയെന്നും വ്യക്തമാക്കാമോ;

(ബി) ഇന്ത്യാ–സൗദി തൊഴിൽ കരാർ നടപ്പിലാക്കുവാൻ പോകുന്ന കാര്യം ശ്രദ്ധയിലുണ്ടോ;

(സി) സൗദി അറേബ്യയിൽ ജോലി ചെയ്യുന്ന മലയാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് കേരളത്തിന്റെ ആവശ്യങ്ങൾ കേന്ദ്രസർക്കാരിനെ അറിയിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രവാസി സംഘടനകളുമായി ചർച്ച ചെയ്ത് അടിയന്തിര റിപ്പോർട്ട് നൽകുമോ?

**കേരള നിയമസഭ**
**14.06.2013–ലെ മറുപടിക്ക്**
പ്രവാസി കേരളീയ സർവ്വേ

1377 ശ്രീ.പാലോട് രവി
,, ഷാഫി പറമ്പിൽ
,, ഹൈബി ഈഡൻ
,, എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവാസി കേരളീയ സർവ്വേയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം വിവരങ്ങളാണ് സർവ്വേ വഴി ശേഖരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) സർവ്വേയുടെ വിവരങ്ങൾ എന്ന് വെളിപ്പെടുത്താനാകും വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>വിദേശരാജ്യങ്ങളിലെ ജയിലുകളിലുള്ള മലയാളികൾ</u>

1378 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, എൻ. ഷംസുദ്ദീൻ
,, പി. ബി. അബ്ദുൾ റസാക്
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതുസംബന്ധിച്ച് ശേഖരിച്ച വിവരങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാന സർക്കാരിന്റെ ഇടപെടൽകൊണ്ട് ജയിൽ മോചിതരാകാൻ കഴിയുന്നവരും നിസ്സാര കുറ്റങ്ങളുടെ പേരിൽ തടവിലാക്കപ്പെട്ടവരുമായ നിരവധിപേർ ഗൾഫ് നാടുകൾ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ തടവിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യങ്ങൾ പരിശോധിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

<u>വിദേശ ജയിലുകളിൽ കഴിയുന്ന മലയാളികൾ</u>

1379 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ തടവിൽ കഴിയുന്ന മലയാളികളെ സംബന്ധിച്ച കണക്കുകൾ വിശദമാക്കുമോ;

(ബി) തടവിൽ കഴിയുന്ന മലയാളികളുടെ കാര്യത്തിൽ നയതന്ത്ര ഇടപെടലുകൾ നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ;

(സി) സൗദി അറേബ്യയിലെ ജയിലുകളിൽ കഴിയുന്ന മലയാളികൾ എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.06.2013–ലെ മറുപടിക്ക്

മറ്റ് സംസ്ഥാനങ്ങളിലെയും വിദേശരാജ്യങ്ങളിലെയും ജയിലുകളിൽ കഴിയുന്ന മലയാളികൾ

1380 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിചാരണ കൂടാതെ എത്ര മലയാളികൾ മറ്റ് സംസ്ഥാനങ്ങളിലെയും വിദേശരാജ്യങ്ങളിലെയും ജയിലുകളിൽ ഉണ്ട് എന്നതിന്റെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇത്തരക്കാർക്ക് നിയമപരിരക്ഷ ഉറപ്പാക്കാനും നിരപരാധികൾക്ക് മോചനം ഉറപ്പുവരുത്താനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

ഇൻഡ്യൻ എംബസി ജീവനക്കാർ കൈക്കൂലി വാങ്ങി ദ്രോഹിക്കുന്നതായുള്ള പരാതി

1381 ശ്രീ.കെ.രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗദി അറേബ്യ, കുവൈറ്റ് തുടങ്ങി വിവിധ ഗൾഫ് രാജ്യങ്ങളിൽ നിന്ന് ജയിൽ ശിക്ഷ അനുഭവിച്ച് തിരിച്ച് വരുന്ന മലയാളികൾ ഉൾപ്പെടെയുള്ള ഇന്ത്യാക്കാരിൽ നിന്ന് നാട്ടിലേക്ക് വരുന്നതിന് ആ രാജ്യങ്ങളിലെ ഇൻഡ്യൻ എംബസി ജീവനക്കാർ കൈക്കൂലി വാങ്ങി ദ്രോഹിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൈക്കൂലി കൊടുക്കാൻ സാധിക്കാത്തതിന്റെ പേരിൽ എംബസിയിൽ നിന്നും രേഖകൾ നൽകുവാൻ ഈ ജീവനക്കാർ തടസ്സപ്പെടുത്തുന്നതായി എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് പറയാമോ;

(സി) ഈ പരാതികൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അവ പരിഹരിക്കുവാൻ സ്വീകരിച്ച മാർഗ്ഗങ്ങൾ വിശദമാക്കാമോ;

(ഡി) ഇപ്രകാരം പ്രവാസികളെ ദ്രോഹിക്കുന്ന എംബസി ജീവനക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

പ്രവാസി മലയാളികളെ സംരക്ഷിക്കാൻ നടപടി

1382 ശ്രീ.കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ പ്രശ്നങ്ങളിൽപ്പെട്ട് കഴിഞ്ഞ ആറുമാസത്തിനിടയിൽ എത്ര മലയാളികൾ കുവൈത്ത് ജയിലുകളിലായിട്ടുണ്ടെന്നും തൊഴിൽരഹിതരായി എത്ര പേർ സംസ്ഥാനത്ത് എത്തിയിട്ടുണ്ടെന്നും പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) അറേബ്യൻ നാടുകളിൽ നിയമം കർക്കശമാക്കിയതിനെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട് എത്തുന്ന പ്രവാസി മലയാളികളുടെ സംരക്ഷണത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രവാസി മലയാളികളെ നാട്ടിലെത്തിക്കാൻ ഇതിനകം എന്തു തുക ചെലവഴിച്ചെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>നോര്‍ക്ക റൂട്ട്സ് ഓഫീസുകള്‍</u>

1383 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും**
**നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് എത്ര നോര്‍ക്ക റൂട്ട്സ് ഓഫീസുകളാണ് പ്രവര്‍ത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) മലപ്പുറം ജില്ലയില്‍ തുടങ്ങുമെന്ന് പറഞ്ഞ നോര്‍ക്ക റൂട്ട്സ് ഓഫീസ് അടിയന്തിരമായി തുടങ്ങാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.06.2013-ലെ മറുപടിക്ക്

<u>നോർക്കയിൽ നിന്നും സഹായം - വരുമാനപരിധി</u>

1384 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗൾഫിൽ ജോലി ചെയ്യുന്ന മലയാളികൾക്ക് നോർക്കയിൽ നിന്നും സഹായം ലഭിക്കുന്നതിനുള്ള വരുമാനപരിധി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വരുമാന പരിധി എത്രയായാണ് വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ പ്രവാസ ജീവിതം കൊണ്ട് ദുരിതമനുഭവിക്കുന്നവരെ സംരക്ഷിക്കുന്നതിനായി വരുമാനപരിധി 2 ലക്ഷമാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?